**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 456** **08-07-2024 - ൽ മറുപടിയ്ക്ക്**

**നെൽകർഷകർക്ക് പ്രോത്സാഹന ബോണസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്, ശ്രീ. സണ്ണി ജോസഫ് , ശ്രീ. ഐ. സി. ബാലകൃഷ്ണൻ , ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ നെൽകർഷകർക്ക് പ്രോത്സാഹന ബോണസ് നൽകിവരുന്നുണ്ടോ എന്നറിയിക്കുമോ; വിശദമാക്കുമോ; | (എ) | നൽകിവരുന്നുണ്ട്. നെല്ല് സംഭരണത്തിന്റെ അടിസ്ഥാന താങ്ങുവില എല്ലാ സീസണുകളിലും അഗ്രികൾച്ചർ പ്രൈസ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. ഇതോടൊപ്പം സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി ചേർത്തിട്ടാണ് കേരളത്തിലെ സംഭരണവില സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്നത്. 2023-24 നെല്ല് സംഭരണ സീസണിൽ നെല്ലിന്റെ സംഭരണവില 28.20രൂപയായി നിശ്ചയിച്ച് 07/12/2023ലെ സ.ഉ.(കൈ)16/2023/ഭ.പൊ.വി.വ. പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രോത്സാഹന ബോണസ് 6.37ഉം, കൈകാര്യചിലവായ 12 പൈസയും ഉൾപ്പെടെ നെല്ലിന്റെ വിലയായി 28.32രൂപ/കി.ഗ്രാം കർഷകർക്ക് നൽകിവരുന്നു. |
| (ബി) | കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന പ്രോത്സാഹന ബോണസ് ആനുപാതികമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | **സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന വിലയാണ് നിലവിൽ സംസ്ഥാനത്തെ കർഷകർക്ക് നെല്ല് സംഭരണ വിലയായി നൽകി വരുന്നത് എന്ന വിവരം കൂടി അറിയിക്കുന്നു.** |

സെക്ഷൻ ഓഫീസർ